ശവശരീരംകണ്ട് സ്ഥിരീകരിച്ചാൽ മാത്രമേ രജിസ്റ്റർ ചെയ്യാൻ കഴിയുകയുള്ളൂ. കേരളത്തിനു പുറത്ത് മരിച്ചവരുടെ മൃതദേഹം കിട്ടിയില്ലെങ്കിലും ജില്ലാ കളക്ടർക്ക് ബോദ്ധ്യപ്പെട്ടാൽ ധനസഹായം കേരളത്തിലേതുപോലെ നൽകേണ്ടതാണ് എന്ന തീരുമാനം സർക്കാർ കൈകൊണ്ടിട്ടുണ്ട്. സുനാമി ദുരന്തം മൂലം മരിച്ചവരുടെ അവകാശികൾക്ക് ധനസഹായം നൽകുന്നതിലേയ്ക്കുവേണ്ടി അവകാശ സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള സമയ ദൈർഘ്യം കുറച്ചുകൊണ്ട് ഗസറ്റിൽ പരസ്യപ്പെടുത്തണമെന്ന നിബന്ധന ഒഴിവാക്കിക്കൊണ്ടും സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

സുനാമി സാദ്ധ്യതാ പഠനം

72 [847] ശ്രീ. കെ. കെ. ഷാജു :

,, എ. എൻ. രാജൻ ബാബു :

,, ഉമേഷ് ചള്ളിയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇൻഡ്യൻ മഹാസമുദ്രത്തിൽ നിന്നും ഉടലെടുത്ത സുനാമി കേരള തീരത്തും നാശം വിതച്ച പശ്ചാത്തലത്തിൽ അറബിക്കടലിൽ ഇത്തരമൊരു ഭീഷണിക്ക് സാദ്ധ്യതയുള്ളതായി സർക്കാരിന് എന്തെങ്കിലും വിവരം ലഭിച്ചിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ ഇത്തരമൊരു അപകട സാദ്ധ്യതയെക്കുറിച്ച് പഠനം നടത്താൻ സർക്കാർ എന്തെങ്കിലും നീക്കം നടത്തിയിട്ടുണ്ടോ ;

(സി) എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) ഇൻഡ്യയുടെ എല്ലാ സമുദ്ര പ്രദേശങ്ങളിലും വിശദമായ പഠനത്തിന് കേന്ദ്ര സർക്കാർ ഇപ്പോൾപദ്ധതി തയ്യാറാക്കിയിട്ടുണ്ട്. അതിൽ കേരളത്തിന്റെ ശാസ്ത്ര വിഭാഗങ്ങളും പങ്കു ചേരുന്നതാണ്.

(സി) ഇൻഡ്യയുടെ ചുറ്റും സുനാമി പ്രവചന ശൃംഖല സ്ഥാപിക്കുന്തിനാണ് പദ്ധതി തയ്യാറാക്കിയിരിക്കുന്നത്. കേരള തീരത്ത് ഇക്കഴിഞ്ഞ സുനാമിയുടെ ആഘാതം വിലയിരുത്തുന്നതിനുള്ള പഠനങ്ങൾ സെന്സും മറ്റു സ്ഥാപനങ്ങളും നടത്തി വരുന്നു. ഇവ സുനാമിയുടെ കേരള തീരത്തുള്ള പ്രഭാവം കുറക്കുന്നതിനുള്ള പദ്ധതികൾ തയ്യാറാക്കുന്നതിനും പ്രവചനം സാദ്ധ്യമാക്കുന്നതിനും സഹായിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly